I ഇ.ബി. XIII – കേരള നിയമസഭ/I-4

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

2011 ജൂൺ 27, തിങ്കൾ

നിയമസഭ രാവിലെ 8.30 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

**എ. സുജനപാൽ, എം.ആർ. ഗോപാലകൃഷ്ണൻ, വി.കൃഷ്ണദാസ്, ആർ. പരമേശ്വരൻ പിള്ള എന്നിവരുടെ നിര്യാണം**

മുൻമന്ത്രിയും പ്രമുഖ കോൺഗ്രസ് നേതാവുമായിരുന്ന എ.സുജനപാൽ, മുൻ നിയമസഭാംഗങ്ങളായിരുന്ന എം.ആർ. ഗോപാല കൃഷ്ണൻ, വി.കൃഷ്ണദാസ്, മുൻ നിയമസഭാംഗവും സി.പി.എം. സംസ്ഥാനകമ്മിറ്റി അംഗവുമായിരുന്ന ആർ. പരമേശ്വരൻ പിള്ള എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

**അടിയന്തിരപ്രമേയം**

പാചകവാതകം, ഡീസൽ, മണ്ണെണ്ണ എന്നിവയുടെ വില വർദ്ധനവ്

മി. സ്പീക്കർ: 24-06-2011-ന് അർദ്ധരാത്രി മുതൽ പാചകവാതകത്തിന് 50 രൂപയും ഡീസൽ ലിറ്ററിന് 3 രൂപയും മണ്ണെണ്ണ ലിറ്ററിന് 2 രൂപയും നിരക്കിൽ വിലവർദ്ധിപ്പിച്ച കേന്ദ്ര സർക്കാരിന്റെ നടപടിമൂലം അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് താങ്ങാനാവാതെ ജനജീവിതം ദുരിതപൂർണ്ണമായതായി പറയപ്പെടുന്ന ഗുരുതരവും ആശങ്കാജനകവുമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. ടി.എം. തോമസ് ഐസക്, സർവ്വശ്രീ വി.എസ്. സുനിൽകുമാർ, എ.എ. അസീസ്, സി.കെ. നാണു, തോമസ് ചാണ്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അടിയന്തിര പ്രമേയ വിഷയത്തോട് യോജിക്കുന്നു. വില വർദ്ധനവുമൂലം ബുദ്ധിമുട്ടുന്ന ജനങ്ങൾക്ക് പാചകവാതകത്തിന്റേയും ഡീസലിന്റേയും മണ്ണെണ്ണയുടേയും വിലവർദ്ധനവ് കൂടുതൽ പ്രയാസമുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. വില വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പെട്രോളിന് 5 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽ നിന്നും ലഭ്യമാകുന്ന അധിക നികുതി വേണ്ടായെന്ന് തീരുമാനിക്കുകയും ഒരു സംസ്ഥാന സർക്കാരിന് ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രതിപക്ഷം ഇതുസംബന്ധിച്ച് പോസിറ്റീവായിട്ട് പ്രതികരിക്കുന്നതിനു പകരം പണിമുടക്കുമായി മുന്നോട്ടുപോകുകയും സംസ്ഥാനത്തിന് നഷ്ടമുണ്ടാക്കുകയും ചെയ്തു. ഇപ്രാവശ്യവും ജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത്

ഡീസലിന്റെ അധിക നികുതി വേണ്ടായെന്ന് സംസ്ഥാന സർക്കാർ തീരുമാനിക്കാൻ പോകുകയാണ്. ഒരു ലിറ്റർ ഡീസലിന് എഴുപത്തിയഞ്ച് പൈസ കുറച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് ഒരു വർഷം കിട്ടുമായിരുന്ന 142.2 കോടി രൂപ വേണ്ടെന്ന് വയ്ക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന് മറ്റ് യാതൊരു നിവൃത്തിയുമില്ലാത്ത സാഹചര്യത്തിലാണ് ഇങ്ങനെ ഒരു തീരുമാനമെടുത്തിട്ടുള്ളത്. കോൺഗ്രസ്സ് മുന്നണി ഭരിക്കുന്ന മറ്റ് സംസ്ഥാന ഗവൺമെന്റുകൾക്കും ഈ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ജനങ്ങളുടെ ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുന്നതിനാണ് ഈ തീരുമാനം എടുക്കുന്നത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ് ഗുരുതരമായ സ്ഥിതിവിശേഷം രാജ്യത്തുണ്ടാക്കിയിട്ടുണ്ട്. അടിയന്തിരപ്രമേയ വിഷയത്തോട് യോജിക്കുന്നുണ്ടെങ്കിലും ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ കൊണ്ടുമാത്രം ഈ വിലവർദ്ധനവ് തടയാനാകുകയില്ല. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് എണ്ണവില ഇരട്ടിയായി വർദ്ധിച്ചു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് നികുതി വർദ്ധന ഉണ്ടാക്കിയില്ലെന്നുമാത്രമല്ല ഒരു തവണ നികുതി നിരക്ക് കുറയ്ക്കുകയും ചെയ്തു. കേന്ദ്രം എണ്ണവില കൂട്ടുമ്പോഴെല്ലാം സംസ്ഥാന ഗവണ്മെന്റ് നികുതി നിരക്ക് കുറയ്ക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കണം. സംസ്ഥാന ഗവൺമെന്റ് വിലക്കയറ്റം തടയാൻ നടപടികൾ സ്വീകരിക്കണം. എണ്ണക്കമ്പനികളെല്ലാം വൻ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. എണ്ണയുടെ റീട്ടെയിൽ വിൽപ്പന മാത്രം പരിഗണിച്ച് കമ്പനികൾ നഷ്ടത്തിലാണെന്ന് വരുത്തിത്തീർക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ

തെറ്റായ നയങ്ങൾക്ക് ഇൻഡ്യൻ ജനത നൽകേണ്ടിവരുന്ന വിലയാണ് ഇപ്പോഴുണ്ടായിട്ടുള്ള എണ്ണയുടെ വിലക്കയറ്റം. സംസ്ഥാന സർക്കാരിന് കിട്ടേണ്ട അധിക വരുമാനം വേണ്ടെന്ന് വയ്ക്കുന്നത് ശരിയല്ല. അതുകൊണ്ട് ഏറ്റവും ഗൗരവതരമായ ഈ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സംസ്ഥാന ഗവൺമെന്റ് എണ്ണയുടെ വിലവർദ്ധനവ് വഴി ലഭിക്കുന്ന അധിക വരുമാനം വേണ്ടെന്ന് തീരുമാനിച്ചു. ഈ ഗവൺമെന്റ് ജനവികാരം ഉൾക്കൊണ്ടുകൊണ്ട് കാലാ കാലങ്ങളിലുണ്ടാകുന്ന എണ്ണയുടെ വിലക്കയറ്റം സംബന്ധിച്ച് അതാത് സമയത്ത് തീരുമാനമെടുക്കുന്നതാണ്. മണ്ണെണ്ണയ്ക്കും പാചകവാതകത്തിനും നാല് ശതമാനം വാറ്റ് മാത്രമേയുള്ളു. അതിനാൽ വലിയ വ്യത്യാസം വരികയില്ല എന്നതുകൊണ്ടാണ് ഡീസലിന്റെ കാര്യത്തിൽ മാത്രം അധിക വരുമാനം വേണ്ടെന്ന് വച്ചത്. കമ്പോളത്തിൽ ഇപ്പോൾ അരിയുടെ വില കുറഞ്ഞുവരുന്ന ട്രെന്റാണ് കാണാൻ സാധിക്കുന്നത്. എണ്ണയുടെ വില വർദ്ധനവുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സംസ്ഥാന ഗവണ്മെന്റിന് കിട്ടുന്ന അധികവരുമാനം വേണ്ടെന്ന് വയ്ക്കുകയാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ

ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ.**

**1) ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭ്യമാക്കൽ**

ശ്രീ. എ.കെ. ബാലൻ: കൽക്കരി, പെട്രോളിയം, പ്രകൃതിവാതകം തുടങ്ങിയ ഖനിജ നിക്ഷേപങ്ങൾ ഇല്ലാത്ത കേരളത്തിന് വൈദ്യുതി ഉല്പാദന രംഗത്ത് ആശ്രയിക്കാവുന്നത് പരിസ്ഥിതി പ്രശ്നങ്ങൾ താരതമ്യേനയില്ലാത്തതും ഉൽപ്പാദനച്ചെലവ് കുറഞ്ഞതുമായ ജലവൈദ്യുത പദ്ധതികളെയാണ്. സംസ്ഥാനത്തെ ജലലഭ്യതയുടെ 15 ശതമാനം മാത്രമാണ് വൈദ്യുതിയുൽപ്പാദനത്തിന് ഇപ്പോൾ ഉപയോഗിക്കുന്നത്. 2020 ആകുമ്പോൾ 6000 മെഗാവാട്ട് വൈദ്യുതി കേരളത്തിന് ആവശ്യമായിത്തീരുമെന്നിരിക്കെ ഇന്ന് 2800 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ലഭിക്കുന്നത്. ഈ ഗുരുതരമായ അവസ്ഥ മുന്നിൽ കണ്ടുകൊണ്ടാണ് 4000 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള മുപ്പത് ചെറുകിട - ഇടത്തരം - വൻകിട പദ്ധതികൾക്ക് മുൻഗവൺമെന്റ് രൂപം കൊടുത്തത്. ഇതിൽ പ്രധാനപ്പെട്ട പല പദ്ധതികൾക്കും കേന്ദ്ര വനം - പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഇനി ഇൻവെസ്റ്റിഗേഷൻ നടക്കാൻപോകുന്ന ജലവൈദ്യുത പദ്ധതികൾക്കും ഈ അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്. ഇങ്ങനെ മുടങ്ങിക്കിടക്കുന്ന ജലവൈദ്യുതപദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നിലപാട് സ്വീകരിക്കുന്നതോടൊപ്പം ഇക്കാര്യത്തിൽ ഗവൺമെന്റ് നയമെന്താണെന്നു കൂടി വ്യക്തമാക്കണം.

.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സംസ്ഥാനത്തിനാവശ്യമായ 3100 മെഗാവാട്ട് വൈദ്യുതിയിൽ 1800 മെഗാവാട്ട് മാത്രമാണ് ഇവിടെ ഉത്പാദിപ്പിക്കാൻ കഴിയുന്നത്. 900 മെഗാവാട്ട് വൈദ്യുതി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതും ബാക്കി പുറത്തുനിന്ന് വാങ്ങുന്നതുമാണ്. സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. കേന്ദ്ര വനം – പരിസ്ഥിതി വകുപ്പുകളുടെയും മറ്റും എതിർപ്പുകൾ മൂലമാണ് സംസ്ഥാനത്തെ പല വൈദ്യുത പദ്ധതികളും നഷ്ടപ്പെട്ടത്. ഇൻഡ്യയുടെ 20 ശതമാനം മാത്രമാണ് വനമേഖല എന്നാൽ കേരളത്തിന്റെ 29 ശതമാനം വനമേഖലയാണ്. ബയോ ഡൈവേഴ്സിറ്റി 28 ശതമാനം കേരളത്തിലാണുള്ളത്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ജനറേഷൻ സെക്ടറിൽ നിന്നും ചുരുങ്ങിയ വിലയ്ക്ക് വൈദ്യുതി നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വീണ്ടും ഇക്കാര്യം കേന്ദ്രത്തോട് ആവശ്യപ്പെടുന്നതാണ്. പുതിയതായി വരാൻ പോകുന്ന ഹൈഡൽ പദ്ധതികളിൽ അഞ്ചെണ്ണത്തിന് ഈ വർഷവും എട്ടെണ്ണത്തിന് അടുത്തവർഷവും ടെൻഡർ നടപടി സ്വീകരിക്കാൻ സാധിക്കും. എതിർപ്പില്ലാതെ വരികയാണെങ്കിൽ ആൾ പാർട്ടി യോഗം കൂടി തീരുമാനമെടുത്ത് വൈദ്യുത പദ്ധതികളുമായി മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാർ തയ്യാറാണ്. ചീമേനി പദ്ധതിയുടെ കാര്യത്തിൽ എൻ.ടി.പി.സി.യുമായി ഒരു ജോയിന്റ് സെക്ടറുണ്ടാക്കി ആവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുമോ എന്ന കാര്യം ആലോചിക്കുന്നതാണ്. ജനങ്ങളെക്കൂടി സഹകരിപ്പിച്ച് ഹൈഡൽ പവർ ഉത്പാദിപ്പിക്കുന്നതിനുവേണ്ട ആത്മാർത്ഥമായ ശ്രമം നടത്തുന്നതാണ്. പ്രാദേശികമായ എതിർപ്പുകളുണ്ടെങ്കിലും ചീമേനി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

രാമഗുണ്ടത്ത് പണി നടന്നുകൊണ്ടിരിക്കുന്ന ജോയിന്റ് സെക്ടർ അണ്ടർ ടേക്കിംഗിൽനിന്ന് വൈദ്യുതി കിട്ടുവാനുള്ള സാധ്യതയെക്കുറിച്ചും ആരായുന്നതാണ്.

**2) <u>മാലിന്യ സംസ്ക്കരണത്തിന് ഏകോപിത പദ്ധതി രൂപീകരിക്കൽ</u>**

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> സംസ്ഥാന വ്യാപകമായി മാലിന്യ സംസ്ക്കരണത്തിന് ഒരു ഏകോപിത പദ്ധതി രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കെട്ടിട സമുച്ചയങ്ങൾ, ഫ്ളാറ്റുകൾ, വ്യാപാര സമുച്ചയങ്ങൾ എന്നിവിടങ്ങളിലേയും ഹോട്ടലുകളിലേയും മാലിന്യങ്ങൾ പൊതുനിരത്തുകളിലേയ്ക്കും നദികളിലേയ്ക്കും പാടങ്ങളിലേയ്ക്കും വലിച്ചെറിഞ്ഞ് അത്യന്തം ഭീകരമായ ഒരു സ്ഥിതിവിശേഷം സംസ്ഥാനമൊട്ടാകെ സംജാതമായിരിക്കുകയാണ്. വേസ്റ്റ് ഊർജ്ജമായും മനുവറായും റാ മെറ്റീരിയലായും കൺവർട്ട് ചെയ്യുന്ന ഒരു കൺസപ്റ്റാണ് വികസിത രാജ്യങ്ങളിലൊക്കെ ഇന്ന് കാണുന്നത്. കേരളത്തിൽ വേസ്റ്റ് സംഭരിച്ച് കൺവർട്ട് ചെയ്യുന്നതിനുള്ള ആധുനിക ടെക്നോളജി ഉപയോഗിക്കുന്നില്ല. തൃശ്ശൂർ ജില്ലയിലെ ലാലൂരിൽ നഗരത്തിലെ എല്ലാ ചപ്പുചവറുകളും കൊണ്ടുവന്ന് നിക്ഷേപിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ഥലം സന്ദർശിച്ച് പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കി ഗൗരവതരമായ ഈ പ്രശ്നത്തിന് പരിഹാരം കാണണം. കേരളം മുഴുവൻ വലിയ പ്രശ്നമായി മാറിയിരിക്കുന്ന ഈ വിഷയം കോർപ്പറേഷനുകളേയോ പഞ്ചായത്തുകളേയോ മാത്രം ഏൽപ്പിച്ചാൽ പരിഹാരമുണ്ടാകില്ല. മാലിന്യ സംസ്ക്കരണം വികേന്ദ്രീകൃതമാക്കാനും സ്വന്തമായി ഭൂമിയുള്ളവർ വേസ്റ്റ് അവരവരുടെ വീട്ടുവളപ്പിൽത്തന്നെ സംസ്ക്കരിക്കാനും ലോക്കൽ ബോഡീസിനാവശ്യമായ ഫണ്ട് നൽകാനും സംവിധാനമുണ്ടാക്കണം. ആശുപത്രികൾ, വ്യവസായ

സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ മുതലായവ ഇതിന് മാതൃക കാണിക്കണം. ഇക്കാര്യത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് കാണിക്കുന്ന അലംഭാവത്തിന് പരിഹാരമുണ്ടാക്കണം. ജനപങ്കാളിത്തത്തോടു കൂടി സമഗ്രമായ ഒരു ഏകോപിത പദ്ധതിക്ക് രൂപം നൽകാൻ ഗവൺമെന്റ് മുൻകയ്യെടുക്കണം. ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ച് വ്യക്തമായ ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കി സമയബന്ധിതമായി ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കേരളത്തിൽ വൻകിട നഗരങ്ങളിൽ മാത്രമല്ല ഗ്രാമപ്രദേശങ്ങളിൽപ്പോലും ഇന്ന് വലിയ പ്രശ്നമായി മാറിയിരിക്കുന്ന മാലിന്യ സംസ്ക്കരണത്തിന് വിജയപ്രദമായ ഒരു മാതൃക ഇല്ല. ഇതിന് പണം ഒരു പ്രശ്നമല്ല. പല പദ്ധതികൾ പരീക്ഷിച്ചെങ്കിലും കാര്യക്ഷമമായില്ല. ആഗസ്റ്റ് മാസത്തിൽ ചേരുന്ന പാർലമെന്റ് സമ്മേളനത്തിനുമുമ്പ് എം.പി. മാരുടെ യോഗം വിളിച്ച് അവരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സക്സസ്ഫുൾ മോഡലുകൾ സംബന്ധിച്ച് ചർച്ച ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ലാലൂരിലെ മാലിന്യ പ്രശ്നം ചർച്ച ചെയ്യുന്നതിനായി ജൂലൈ 4-ാം തീയതി രാവിലെ 10 മണിക്കും കൊച്ചിയിലെ പ്രശ്നം ചർച്ച ചെയ്യുന്നതിനായി 5-ാം തീയതിയും യോഗം ചേരുന്നതാണ്. കോയമ്പത്തൂരിലും ഹൈദരാബാദിലും ഉള്ള പ്ലാന്റുകൾ കേരളത്തിന് യോജിച്ചതാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ പ്രസ്തുത പ്ലാന്റുകൾ നേരിട്ട് കണ്ട് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതിന് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതാണ്. കോഴിക്കോട് ഞെളിയൻപറമ്പിലെ പ്രശ്നവും അതീവ ഗുരുതരമാണ്. ഇതെല്ലാം പരിഹരിക്കുന്നതിനായി ഒരു സക്സസ്ഫുൾ മോഡൽ കണ്ടെത്തി സംസ്ഥാന

വ്യാപകമായി അതിന്റെ പ്രവർത്തനങ്ങളുമായി മുമ്പോട്ട് പോകുന്നതാണ്. ആവശ്യമാണെങ്കിൽ എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കുന്നതാണ്. വിളപ്പിൽശാല പ്ലാന്റുമായി ബന്ധപ്പെട്ട് ആ പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ലഭിച്ച കൂട്ടനിവേദനത്തിന്റെ അടിസ്ഥാനത്തിൽ എം.എൽ. എ. മാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം എത്രയുംവേഗം വിളിച്ചു ചേർക്കുന്നതാണ്.

**ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ കെ. ശിവദാസൻ നായർ, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, അബ്ദുറഹിമാൻ രണ്ടത്താണി എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളന കാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

**ചീഫ് വിപ്പ്**

ശ്രീ. പി. സി. ജോർജ് എം.എൽ.എ.യെ 24-06-2011 മുതൽ പതിമൂന്നാം കേരള നിയമസഭയിലെ ഗവൺമെന്റ് ചീഫ് വിപ്പായി നാമനിർദ്ദേശം ചെയ്തു.

**സബ്മിഷൻ**

(1) **കെ.എസ്.ഇ.ബി. കരാർ തൊഴിലാളി ഷോക്കേറ്റ് മരണപ്പെട്ട സംഭവം**

ശ്രീ. കെ. മുരളീധരൻ : വട്ടിയൂർക്കാവ് മണ്ഡലത്തിൽ മൂന്നാംമൂട്ടിൽ 2011 ജൂൺ 14-ാം തീയതി വൈദ്യുതി പോസ്റ്റിൽ ജോലി ചെയ്തുകൊണ്ടിരുന്ന ഇലക്ട്രിസിറ്റി ബോർഡ് കരാർ തൊഴിലാളിയായ പ്രദീപ് കുമാർ ഷോക്കേറ്റ് മരണപ്പെട്ട സംഭവത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താനും ജോലി പൂർത്തീകരിച്ചോയെന്ന് പരിശോധിക്കുന്നതിനുമുമ്പ് ലൈൻ ചാർജ്ജ് ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ

കൊലക്കുറ്റത്തിന് കേസ് എടുക്കാനും ഇത്തരത്തിൽ കരാർ വ്യവസ്ഥയിൽ ജോലിയെടുക്കുന്നവർ മരണപ്പെടുമ്പോൾ സ്ഥിരംജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഇവരുടെ കുടുംബങ്ങൾക്കുകൂടി നൽകാനും ആവശ്യമായ നടപടിയുണ്ടാകണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : 2011 ജൂൺ 14-ാം തീയതി വൈദ്യുതി പോസ്റ്റിൽ ബ്രിഡ്ജിംഗ് ജോലിയിലേർപ്പെട്ടിരുന്ന കരാർ തൊഴിലാളിയായ പ്രദീപ് കുമാർ ഷോക്കേറ്റ് മരണപ്പെട്ടതുമായി ബന്ധപ്പെട്ട് ഡ്യൂട്ടിയിലുണ്ടായിരുന്ന രണ്ട് ലൈൻമാൻമാരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. കരാർ തൊഴിലാളിയാണെങ്കിലും മരണപ്പെട്ട ആളുടെ ശമ്പളം, വരുമാനം, വയസ്സ് എന്നിവയുടെ അടിസ്ഥാനത്തിൽ എട്ട് ലക്ഷത്തിൽപ്പരം രൂപ ഇലക്ട്രിസിറ്റി ബോർഡ് വർക്ക്മെൻ കോമ്പൻസേഷൻ ആക്റ്റ് അനുസരിച്ചുള്ള നഷ്ടപരിഹാരമായി മതിയായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. ദൗർഭാഗ്യകരമായ ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടികളും കൈക്കൊള്ളുന്നതാണ്.

**(2) പാലക്കാട് റെയിൽവേ സ്റ്റേഷനിൽ രാസവളം ഇറക്കാൻ കഴിയാത്ത സാഹചര്യം**

ശ്രീ. കെ. വി. വിജയദാസ് : പാലക്കാട് ജില്ലയിലെ ഒരു ലക്ഷത്തോളം ഏക്കറിൽ ഒന്നാം കൃഷിയിറക്കിയിരിക്കുന്നുവെങ്കിലും പാലക്കാട് റെയിൽവേ ഡിവിഷണൽ മാനേജരുടെ നിരുത്തരവാദപരമായ ഉത്തരവിന്റെ ഫലമായി ആവശ്യമായ രാസവളങ്ങൾ പാലക്കാട് ടൗൺ റെയിൽവേ സ്റ്റേഷനിൽ ഇറക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. രാസവളങ്ങളുടെ ദൗർലഭ്യത്തിനും ലഭ്യമായ രാസവളത്തിന്റെ കൂടിയ വിലയ്ക്കും പരിഹാരം

കാണുന്നതിനും ഒലവക്കോട് സ്റ്റേഷനിൽനിന്ന് മാറ്റി പാലക്കാട് ടൗൺ സ്റ്റേഷനിൽത്തന്നെ രാസവളം ഇറക്കി കൃഷികാർക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ അടിയന്തിര നടപടിയുണ്ടാകണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): രാസവളം ഇറക്കുന്നത് പാലക്കാട് ടൗൺ സ്റ്റേഷനിൽനിന്ന് ഒലവക്കോട് സ്റ്റേഷനിലേയ്ക്ക് മാറ്റിയതുമൂലം ഡമറേജ് ചാർജ് വർദ്ധിക്കുകയും പാലക്കാട്ടേയ്ക്ക് രാസവളം കൊണ്ടുവരാൻ കർഷകർ വളരെയധികം ബുദ്ധിമുട്ടുകയും ചെയ്യുന്ന ഗുരുതരമായ പ്രശ്നം കേന്ദ്ര റെയിൽവേ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പ്രസ്തുത പ്രദേശത്തെ കൃഷിക്കാർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) മംഗലം ഡാം പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനം

ശ്രീ. എം. ചന്ദ്രൻ: ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാം ടൂറിസ്റ്റ് ഡെസ്റ്റിനേഷന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ ചെലവിൽ ഒരു പുതിയ പ്രോജക്ട് തയ്യാറാക്കി പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ( ശ്രീ. എ.പി. അനിൽ കുമാർ): പാലക്കാട് ജില്ലയിലെ മംഗലം ഡാമിനോടനുബന്ധിച്ച് ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ 17-6-08-ൽ 461.67 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതിനും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിന്റെ നിർദ്ദേശം സ്വീകരിച്ചുകൊണ്ട്

രണ്ടാം ഘട്ട വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

### (4) സി.എച്ച്.സി.കളിലെ സ്റ്റാഫ് നിയമനം

ശ്രീ. പി.കെ. ബഷീർ: എറനാട് നിയോജകമണ്ഡലത്തിലെ സി.എച്ച്.സി .കളിൽ ആവശ്യമായ ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മുൻകാലങ്ങളിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയപ്പോൾ ആവശ്യമായ ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല. മതിയായ സ്റ്റാഫ് ഇല്ലാത്തതുകാരണം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

### 5) അങ്കമാലി - ആലുവ ദേശീയപാത

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. അൻവർ സാദത്തും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. ജോസ് തെറ്റയിൽ: ലാന്റ് അക്വിസിഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് അങ്കമാലി - ആലുവ റോഡുവികസനവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): അങ്കമാലി - ആലുവ ദേശീയപാത നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ പരിധിയിൽ വരുന്നതാണ്. കൊടുംവളവുകൾ നിവർത്തുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനും മറ്റ് ചെലവുകൾക്കുമായി നാൽപ്പത്തിയഞ്ച് കോടി രൂപ

ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് ചർച്ചചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചു ചേർക്കുന്നതാണ്. താൽക്കാലിക പരിഹാരമെന്ന നിലയിൽ ടൈൽ പേവിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### 6) സ്കൂളുകളിലെ പാഠപുസ്തകങ്ങളുടെ നിലവാരമില്ലായ്മ

ശ്രീ. ഹൈബി ഈഡൻ: കരിക്കുലം ഫ്രെയിംവർക്ക് നടത്തുമ്പോൾ മതസ്പർദ്ധ പരത്തുന്നതും പാഠപുസ്തകത്തിൽ ഉൾപ്പെടുത്താൻ പറ്റാത്തതും അക്രമവും തീവ്രവാദവും പ്രോത്സാഹിപ്പിക്കുന്നതുമായ പരാമർശങ്ങൾ പാഠപുസ്തകങ്ങളിൽനിന്ന് ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): പത്താം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര പുസ്തകത്തിലെ 'ആധുനിക ലോകത്തിന്റെ ഉദയം' എന്ന ഒന്നാം അദ്ധ്യായം സംബന്ധിച്ച് ലഭിച്ച പരാതി പരിശോധിക്കാൻ നിയോഗിക്കപ്പെട്ട മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ഡി. ബാബു പോൾ ചെയർമാനായ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് വിശദമായി പരിശോധിച്ചശേഷം യുക്തമായ നടപടികൾ സ്വീകരിക്കുന്ന താണ്.

### 7) ബ്രഹ്മപുരം മാലിന്യസംസ്ക്കരണ പ്ലാന്റ്

ശ്രീ. വി.പി. സജീന്ദ്രൻ: കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ബ്രഹ്മപുരം മാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മാണത്തിൽ അഴിമതി

നടത്തിയ എ.പി.ടി.ഡി.സി. എന്ന കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തുവാനും പുതിയ പ്ലാന്റ് നിർമ്മിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പുത്തൻകുരിശിൽ കൊച്ചിൻ കോർപ്പറേഷൻ സ്ഥാപിച്ചിട്ടുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണത്തിലും പരിപാലനത്തിലുമുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

## 8) കവുങ്ങ് കർഷകർക്ക് ധനസഹായം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): കാസർഗോഡ് ജില്ലയിലെ കവുങ്ങ് കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ചിരുന്ന 10 കോടി രൂപ കൊടുത്തുതീർക്കുന്നതിനും രാസവളത്തിന്റെ വിലക്കയറ്റം തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): കേരളത്തിലെ അടയ്ക്കാ കർഷകരെ രക്ഷിക്കുന്ന തിനായി പ്രഖ്യാപിച്ചിരുന്ന 10 കോടി രൂപയുടെ പാക്കേജിന്റെ ആദ്യഘട്ടമെന്ന നിലയിൽ, കാസർഗോഡ് ഉദുമയിലെ 4 ഹെക്ടർ വരെ കൃഷിഭൂമിയുള്ള അടയ്ക്കാ കർഷകർക്ക് വിള പരിപാലനത്തിന് അടയ്ക്കാ മരമൊന്നിന് 10 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നെങ്കിലും ആവശ്യമായ തുക വകയിരുത്തിയിരുന്നില്ല. 2011-12-ലെ ബഡ്ജറ്റിൽ പദ്ധതിക്കാവശ്യമായ തുക വകയിരുത്താൻ

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ല ജൈവ കർഷക ജില്ലയായി പ്രഖ്യാപിക്കുന്ന മുറയ്ക്ക് ജൈവവളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 9) മേത്തല-ഏറിയാട്-എടവിലങ്ങ് ശുദ്ധജലവിതരണ പദ്ധതി

ശ്രീ. ടി.എൻ. പ്രതാപൻ: കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വൈത്തല കുടിവെള്ള പദ്ധതിയുടെ കാലഹരണപ്പെട്ട പൈപ്പുകളും മോട്ടോറുകളും മാറ്റിസ്ഥാപിക്കുന്നതിനും മേത്തല-ഏറിയാട്-എടവിലങ്ങ് ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടം കമ്മീഷൻ ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജലസേചനവും ജലവിതരണവും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന മാള, പുത്തൻചിറ, വെള്ളാനല്ലൂർ, അന്നമനട, കുഴൂർ, പൊയ്യ എന്നീ ആറ് പഞ്ചായത്തുകളിലേയ്ക്കും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലേയ്ക്കും ശുദ്ധജലം വിതരണം ചെയ്യുന്നത് വൈത്തലയിൽ സ്ഥിതിചെയ്യുന്ന ശുദ്ധീകരണശാലയിൽ നിന്നാണ്. കാലഹരണപ്പെട്ട പൈപ്പുകളും പമ്പുകളും മോട്ടോറുകളും ഉപയോഗിച്ചുകൊണ്ടുള്ള ജലവിതരണ സംവിധാനമായതുകൊണ്ടും പമ്പിംഗിനാവശ്യമായ ഇലക്ട്രിസിറ്റി തടസ്സം കൊണ്ടും ഫണ്ടിന്റെ ലഭ്യതക്കുറവുകൊണ്ടും കാര്യക്ഷമമായ ജലവിതരണം നടത്താൻ കഴിയാതെ വന്നിട്ടുണ്ട്. ജൂലായ് മാസം രണ്ടാം തീയതി വൈത്തല പ്ലാന്റ് സന്ദർശിക്കുവാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്കും മറ്റ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അവരുടെ

റിപ്പോർട്ട് കിട്ടിയശേഷം പദ്ധതി പുനരാവിഷ്ക്കരിക്കുന്നതാണ്. മേത്തല-ഏറിയാട്-എടവിലങ്ങ് പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ ട്രാൻസ്ഫോർമർ സ്ഥാപിക്കലും മറ്റ് അനുബന്ധ പ്രവൃത്തികളും ധൃതഗതിയിൽ നടന്നുവരുന്നു. ശേഷിക്കുന്ന പണികൾ പൂർത്തിയാക്കി പദ്ധതി മൂന്ന് മാസത്തിനകം ഭാഗികമായി കമ്മീഷൻ ചെയ്യുന്നതാണ്.

## 10) മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചത് സംബന്ധിച്ച്

ശ്രീമതി കെ.എസ്. സലീഖ: വൈദ്യുതീകരിച്ച വീടുകൾക്ക് റേഷൻ കടകളിലൂടെ നൽകിവന്നിരുന്ന മണ്ണെണ്ണ വിഹിതം ഒരു ലിറ്ററായി വെട്ടിച്ചുരുക്കിയ നടപടി പുന:പരിശോധിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.ടി.എം. ജേക്കബ്): സംസ്ഥാനത്ത് ഗാർഹികാവശ്യങ്ങൾക്കുവേണ്ടി ലഭിക്കുന്ന മണ്ണെണ്ണയാണ് മൽസ്യബന്ധന പെർമിറ്റുകാർക്കും കൊടുക്കുന്നത്. മൽസ്യബന്ധന ആവശ്യങ്ങൾക്കുള്ള മണ്ണെണ്ണ കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിൽ നിന്നും പ്രത്യേകമായി അനുവദിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. മിനിമം 21257 കിലോ ലിറ്റർ മണ്ണെണ്ണ ലഭിക്കേണ്ട സ്ഥാനത്ത് 15972 കിലോ ലിറ്റർ മണ്ണെണ്ണയാണ് കേന്ദ്രത്തിൽ നിന്നും ഇപ്പോൾ ലഭിക്കുന്നത്. ഈ സാഹചര്യത്തിലാണ് ഗാർഹിക ആവശ്യങ്ങൾക്ക് അനുവദിക്കുന്ന ക്വാട്ട ഒരു ലിറ്ററായി കുറയ്ക്കാൻ സർക്കാർ നിർബന്ധിതമായത്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ക്വാട്ട വർദ്ധിപ്പിച്ചുതരാൻ ഒന്നുകൂടി കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിൽ സമ്മർദ്ദം

ചെലുത്തുന്നതാണ്. കേരളത്തിലെ എം.പി. മാരുടെ സഹായവും കൂടി ലഭ്യമാക്കി ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**ക്രമപ്രശ്നം**

<u>നറുക്കെടുപ്പിലൂടെ ലഭിച്ച നമ്പരുകളെ നക്ഷത്രചിഹ്നമിട്ട</u>

<u>ചോദ്യത്തിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്</u>

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: നിയമസഭാ നടപടി ചട്ടം 26 മുതൽ 46 വരെയുള്ള വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം നറുക്കെടുപ്പ് നടത്തിയാണ് ചോദ്യങ്ങൾ ചോദിക്കുന്നതിന് മുൻഗണന തീരുമാനിക്കുന്നത്. നറുക്കെടുപ്പ് പ്രകാരം ഇന്നത്തെ ഒന്നാമത്തെ ചോദ്യം ശ്രീ. എം. ഹംസയ്ക്കും രണ്ടാമത്തെ ചോദ്യം ശ്രീ. എം.എ. ബേബിക്കുമാണ് കിട്ടിയത്. ഈ രണ്ടുപേരുടെ ചോദ്യങ്ങളും നക്ഷത്രചിഹ്നമിട്ട ചോദ്യത്തിൽ വേണ്ടെന്ന് തീരുമാനിക്കപ്പെട്ടു. അനുവദിക്കുന്ന ചോദ്യങ്ങൾ നക്ഷത്രചിഹ്നമിട്ടതാണോ അല്ലയോ എന്നും ഇന്നയിന്ന കാരണങ്ങളാൽ ചോദ്യങ്ങൾ സ്വീകരിക്കാതിരിക്കാമെന്നും 36-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 38-ാം വകുപ്പിൽ ബഹു. സ്പീക്കർക്ക് ഇതുസംബന്ധിച്ച് വ്യക്തമായ അധികാരവും നൽകിയിട്ടുണ്ട്. ഇവിടെ ചോദ്യങ്ങൾ അനുവദനീയമാണെന്ന് ടേബിൾ സെക്ഷൻ തീരുമാനമെടുത്ത് ഡെപ്യൂട്ടി സെക്രട്ടറിവരെ കണ്ട് അനുവാദം കൊടുത്തതിനുശേഷം ഈ രണ്ടുപേരുടേയും ചോദ്യങ്ങൾ സ്റ്റാർഡാകാൻ പാടില്ല അൺസ്റ്റാർഡായാൽ മതിയെന്ന് തീരുമാനിച്ചത് സ്പീക്കർ കണ്ടതിനുശേഷമാണോ എന്നത് വ്യക്തമാക്കണം. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിലെ

ഉദ്യോഗസ്ഥനാണ് തീരുമാനിച്ചതെങ്കിൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കണം. സ്റ്റാർഡ് ചോദ്യം ചോദിക്കാനുള്ള അംഗങ്ങളുടെ അവസരം ബഹുമാനപ്പെട്ട ചെയർ നിഷേധിക്കാൻ പാടില്ല.

**റൂളിംഗ്**

മി. സ്പീക്കർ: അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമസഭാ ചട്ടങ്ങളും കീഴ്വഴക്കങ്ങളുമുണ്ട്. ചിലപ്പോൾ അത് വേവ് ചെയ്യേണ്ടിവരും. പക്ഷെ പൊതുവായിട്ടുള്ള സമീപനങ്ങളിൽനിന്ന് നമുക്ക് മാറിനിൽക്കാൻ കഴിയുകയില്ല. ദയവ് ചെയ്ത് ബഹുമാനപ്പെട്ട അംഗങ്ങൾ ഇത് മനസ്സിലാക്കണം. നക്ഷത്രചിഹ്നമിട്ട ചോദ്യമായി നോട്ടീസ് നൽകിയതു കൊണ്ടോ അംഗത്തിന് നറുക്കിൽ പ്രയോറിറ്റി കിട്ടിയതുകൊണ്ടോ മാത്രം ഒരു ചോദ്യം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുകയില്ല. നക്ഷത്രചിഹ്നമിട്ടതും ഇടാത്തതുമായ ചോദ്യങ്ങൾ നൽകുന്ന എല്ലാ അംഗങ്ങളുടേയും പേര് പ്രയോറിറ്റി നിശ്ചയിക്കുന്ന നറുക്കിൽ ഉൾക്കൊള്ളി ക്കാറുണ്ട്. കമ്പ്യൂട്ടർ മുഖേനയാണ് പ്രയോറിറ്റി നിശ്ചയിക്കുന്നത്. ഈ സമയം ചോദ്യങ്ങളുടെ അനുവദനീയത പരിശോധിക്കാറില്ല. പ്രയോറിറ്റി നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പിൽ അംഗങ്ങളുടെ പേരാണ് ഉൾപ്പെടുത്തു ന്നത്; ചോദ്യങ്ങളല്ല. നറുക്കിനുശേഷം ഓരോ ചോദ്യത്തിന്റെയും അനുവദനീയത നിയമസഭാ സെക്രട്ടേറിയറ്റ് പരിശോധിക്കും. നിയമസഭാ ചോദ്യം അനുവദിക്കുന്നത് നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 36(2) ന്റെ (എ) മുതൽ (യു) വരെയുള്ള ഉപചട്ടങ്ങളും ചട്ടം 37-ലെ നിബന്ധനയും അടിസ്ഥാനപ്പെടുത്തിയാണ്. നക്ഷത്രചിഹ്നമിട്ട ചോദ്യം നക്ഷ ത്രചിഹ്നമിടാത്ത ചോദ്യമായി ഏതൊക്കെ സാഹചര്യങ്ങളിൽ മാറ്റാം എന്ന്

ഡയറക്ഷൻ നമ്പർ (1) ൽ പരാമർശിക്കുന്നുണ്ട്. "കൗൾ ആന്റ് ശക്ധറിലും" ഇക്കാര്യത്തെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശമുണ്ട്. ഇതിന്റെ അടിസ്ഥാന ത്തിൽ പരിശോധിച്ചശേഷം ഒരു അംഗം നോട്ടീസ് നൽകിയ ചോദ്യം അനുവദിക്കാതിരിക്കുന്നതിനോ ഭാഗികമായി അനുവദിക്കുന്നതിനോ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ പട്ടികയിലേയ്ക്ക് മാറ്റുന്നതിനോ ഉള്ള പൂർണ്ണമായ അധികാരം നിയമസഭാ നടപടി ചട്ടം 38(1), 39 എന്നിവ പ്രകാരം ചെയറിൽ നിക്ഷിപ്തമാണ്. ഈ അധികാരത്തെ ചോദ്യം ചെയ്യാൻ പാടുള്ള തല്ല. ശ്രീ. എം. ഹംസയും ശ്രീ. എം.എ. ബേബിയും നോട്ടീസ് നൽകിയ ചോദ്യങ്ങളിലെ വിഷയങ്ങൾ കോടതികളുടെ പരിഗണനയിൽ ഇരിക്കുന്നവ യാണ്. പ്രസ്തുത വിഷയങ്ങൾ സഭാതലത്തിൽ ഉന്നയിക്കുന്നത് സബ്ജുഡിസ് ആയതിനാൽ അവ നക്ഷത്രചിഹ്നമിട്ട ചോദ്യമായി അനുവദി ക്കാൻ കഴിയുകയില്ല.

വിവിധ സ്ഥലങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഔദ്യോഗിക പരിപാടിക ളുടേയും സന്ദർശനങ്ങളുടേയും വിവരം ആ സ്ഥലങ്ങളിലെ അംഗങ്ങളെ അറിയിക്കുന്നില്ല എന്ന പരാതിയുണ്ട്. മന്ത്രിമാർ ഇത്തരം പരിപാടികൾക്ക് എത്തുന്ന വിവരം ആ പ്രദേശങ്ങളിലെ ബന്ധപ്പെട്ട നിയമസഭാ സാമാജികരെ അറിയിക്കേണ്ടതാണ്. നിയമസഭ നടക്കുന്ന സന്ദർഭങ്ങളിൽ നിയമസഭാ സാമാജികർ പങ്കെടുക്കേണ്ട സർക്കാർ കമ്മിറ്റികളുടെ യോഗങ്ങൾ യാതൊരു കാരണവശാലും നടത്തരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിമാർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം.

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച

ശ്രീ. രമേശ് ചെന്നിത്തല: "2011 ജൂൺ 24-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. രമേശ് ചെന്നിത്തല: ഈ സർക്കാർ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ചെയ്യാൻപോകുന്ന നല്ല കാര്യങ്ങളാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ചരിത്രവിജയമാണ് യു.ഡി.എഫ്.-ന് നേടാൻ സാധിച്ചത്. ഐക്യജനാധിപത്യമുന്നണിയുടെ വിജയത്തെ നിസ്സാരവൽക്കരിക്കാനുള്ള ശ്രമങ്ങൾ പാർലമെന്ററി മര്യാദകൾക്ക് ചേർന്നതല്ല. നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്-ന് പ്രതീക്ഷിച്ച സീറ്റ് കിട്ടാത്തതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചും സ്ഥാനാർത്ഥി നിർണ്ണയത്തിലുള്ള തെറ്റുകളും പാളിച്ചകളും തിരുത്തിക്കൊണ്ടും മുന്നോട്ടുപോകാനുള്ള ആർജ്ജവം യു.ഡി.എഫ്.-നുണ്ട്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പരിപാലിച്ചുകൊണ്ട് ഐക്യത്തോടുകൂടി മുന്നോട്ടുപോകണമെന്നുള്ള സന്ദേശമാണ് കേരളത്തിലെ ജനങ്ങൾ ഐക്യജനാധിപത്യമുന്നണിക്ക് നൽകിയിട്ടുള്ളത്. ചരിത്രപരമായ വിജയനേട്ടങ്ങൾ അവകാശപ്പെടുന്ന അച്യുതമേനോൻ സർക്കാർ വെറും 3 അംഗങ്ങളുടെ ഭൂരിപക്ഷത്തിലാണ് കേരളം ഭരിച്ചത്. ജനകീയ പ്രശ്നങ്ങളിൽ എങ്ങനെ ഇടപെടുന്നു, ജനങ്ങൾക്കുവേണ്ടി എന്ത് ചെയ്യുന്നുവെന്നുള്ളതിനെ

ആശ്രയിച്ചാണ് ഒരു സർക്കാരിനെ വിലയിരുത്തേണ്ടത്. ചെറിയ ഭൂരിപക്ഷം ഗവൺമെന്റിന് ഒരു കോട്ടവും ഉണ്ടാക്കാൻ പോകുന്നില്ല. ജനങ്ങൾ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം പൂർണ്ണമായി നിറവേറ്റാനുള്ള ചരിത്രപരമായ കടമ ഐക്യജനാധിപത്യ മുന്നണി ഒറ്റക്കെട്ടായി നിർവ്വഹിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 34 വർഷത്തെ മാർക്സിസ്റ്റ് ഭരണമാണ് ബംഗാളിൽ അവസാനിച്ചത്. ത്രിപുരയിലും ബംഗാളിലും സി.പി.എം.-ന് ഉണ്ടായ പരാജയം വിലയിരുത്തപ്പെടണം. തെരഞ്ഞെടുപ്പിൽ പരാജയം ഉണ്ടാകുമ്പോൾ അവയിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളാനുള്ള പക്വതയും തെറ്റായ സമീപനങ്ങൾ തിരുത്താനുള്ള ആർജ്ജവവുമാണ് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കാണിക്കേണ്ടത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ജനോപകാരപ്രദമായ കാര്യങ്ങൾ തുടരുകയും ജനവിരുദ്ധ നയങ്ങളും നടപടികളും തിരുത്തുകയും ചെയ്യും. ജനാധിപത്യ മര്യാദ ഉൾക്കൊണ്ടുകൊണ്ട് യു.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായി നടപ്പാക്കാനുള്ള പ്രതിബദ്ധത കാണിക്കും. ഓരോ വർഷവും ജനങ്ങൾക്കുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങളെക്കുറിച്ച് അവലോകനം നടത്തും. സുസ്ഥിര വികസനം, അഴിമതിരഹിത ഭരണം, പാവപ്പെട്ട ജനങ്ങളോടുള്ള കരുതൽ എന്നിവയായിരിക്കും സർക്കാരിന്റെ മുഖമുദ്ര. പ്രവർത്തിക്കുന്ന ഒരു സർക്കാർ എന്ന നിലയിൽ കേരളത്തിന്റെ ചരിത്രത്തിലാദ്യമായി 41 ദിവസംകൊണ്ട് 51 തീരുമാനങ്ങളെടുക്കാൻ കഴിഞ്ഞു. മലയാള ഭാഷയ്ക്ക് പ്രാധാന്യം നൽകാനും മലയാളം ഒന്നാം ഭാഷയാക്കാനും മലയാള സർവ്വകലാശാല രൂപീകരിക്കാനുമുള്ള നടപടിയുമായി സർക്കാർ മുന്നോട്ടുപോകും. സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും പക്ഷത്ത്

നിന്നുകൊണ്ട് നാടിന്റെ പുരോഗതിക്കുവേണ്ടി 24 മണിക്കൂറും ഈ സർക്കാർ പ്രവർത്തിക്കും. സർക്കാരിന്റെ നയപരിപാടികൾ തീരുമാനിക്കുന്നതിന് ഓരോ പാർട്ടിക്കും അവരുടേതായ പങ്ക് വഹിക്കാം. പാർലമെന്ററി ജനാധിപത്യത്തിൽ വിജയകരമായ ഭരണം കാഴ്ചവയ്ക്കാൻ ശക്തമായ ഭരണപക്ഷവും പ്രതിപക്ഷവും അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്ത് കാർഷിക വ്യാവസായിക രംഗങ്ങളിൽ വളരെയധികം തിരിച്ചടികളുണ്ടായതിന്റെ ഫലമായി തൊഴിലില്ലായ്മ വർദ്ധിച്ചിരിക്കുന്നു. കേരളത്തിന് വമ്പിച്ച വികസന സാധ്യതപ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ വമ്പിച്ച പുരോഗതി നേടിയെന്ന് കേരളം അഭിമാനിക്കുന്നുണ്ടെങ്കിലും ഐ.ടി., ആരോഗ്യം, റിന്യൂവബിൾ എനർജി, വേസ്റ്റ് മാനേജുമെന്റ്, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്, ടൂറിസം എന്നീ മേഖലകൾക്ക് പുതിയ കേരളാ വികസന മോഡൽ ആവശ്യമായി വന്നിരിക്കുന്നു. പി.പി.പി., എഫ്.ഡി.ഐ., സ്വകാര്യ മൂലധനം എന്നിവ ഈ മേഖലകളിലേയ്ക്ക് കണ്ടെത്താനുള്ള ഫലപ്രദമായ ശ്രമം ഗവൺമെന്റ് നടത്തേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളിൽ കക്ഷി രാഷ്ട്രീയ ഭേദമെന്യേ ഉറച്ചുനിന്നാൽ കേരളത്തിന് പുതിയ വികസന മോഡൽ ഉണ്ടാക്കുവാനും വിവിധ മേഖലകളിൽ വമ്പിച്ച പുരോഗതിയുണ്ടാക്കുവാനും കഴിയും. പാർലമെന്ററി ജനാധിപത്യത്തെ ദുർബലപ്പെടുത്തി അരാജകത്വം ഉണ്ടാക്കുവാനും അതുവഴി രാഷ്ട്രീയ നേട്ടമുണ്ടാക്കുവാനും ഇന്ത്യയിൽ നടന്നുവരുന്ന ബോധപൂർവ്വമായ ശ്രമങ്ങളെ യു.ഡി.എഫ്.-ഉം കോൺഗ്രസ് പാർട്ടിയും ഒറ്റക്കെട്ടായി എതിർക്കും. 2 ജി സ്പെക്ട്രം അഴിമതിയിൽ ഉൾപ്പെട്ട മുഴുവൻ ആളുകളെയും നിയമത്തിനു മുന്നിൽ കൊണ്ടുവരും.

സർവ്വശ്രീ മാത്യു റ്റി. തോമസ്, ജി.എസ്. ജയലാൽ, വി. ശശി, ചിറ്റയം ഗോപകുമാർ, കെ. രാജു, പി. തിലോത്തമൻ, മുല്ലക്കര രത്നാകരൻ, സി. ദിവാകരൻ, ഇ. ചന്ദ്രശേഖരൻ, വി. എസ്. സുനിൽ കുമാർ, ഇ. കെ. വിജയൻ, കെ. അജിത്, സി. കെ. നാണു, വി. ചെന്താമരാക്ഷൻ, സി. കെ. സദാശിവൻ, എം. ചന്ദ്രൻ, ബി. ഡി. ദേവസ്സി, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, കെ. രാധാകൃഷ്ണൻ, പി. കെ. ഗുരുദാസൻ, പുരുഷൻ കടലുണ്ടി, ആർ. സെൽവരാജ്, പി. റ്റി. എ. റഹീം, രാജു എബ്രഹാം, കെ. വി. വിജയദാസ്, കെ. സുരേഷ് കുറുപ്പ്, വി. ശിവൻകുട്ടി, ബി. സത്യൻ, സാജു പോൾ, ജി. സുധാകരൻ, എ. എം. ആരിഫ്, കെ. ദാസൻ, ഇ. പി. ജയരാജൻ, എ. കെ. ബാലൻ, എം. എ. ബേബി, കോടിയേരി ബാലകൃഷ്ണൻ, റ്റി. വി. രാജേഷ്, ജെയിംസ് മാത്യു, സി. കൃഷ്ണൻ, കെ. കുഞ്ഞിരാമൻ (ഉദുമ), ആർ. രാജേഷ്, എസ്. ശർമ്മ, എളമരം കരീം, കെ. വി. അബ്ദുൾ ഖാദർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞമ്മത് മാസ്റ്റർ, എം. ഹംസ, ഡോ. കെ. ടി. ജലീൽ, ഡോ. ടി. എം. തോമസ് ഐസക്, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതി ഗീതാ ഗോപി, ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീമതി കെ. കെ. ലതിക, ശ്രീമതി കെ. എസ്. സലീഖ, ശ്രീമതി പി. അയിഷാ പോറ്റി എന്നീ അംഗങ്ങൾ നന്ദി പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. 2011 ഫെബ്രുവരി മാസത്തിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് കടക വിരുദ്ധമായ പ്രസംഗമാണ് ജൂൺ 24-ന് നടത്തിയിട്ടുള്ളത്. ഗവർണ്ണർമാരെ നിശ്ചയിക്കുന്ന നിലവിലുള്ള രീതിയിൽ മാറ്റം വരുത്തണം. ഈ സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾ ജനങ്ങളെ തെരുവിലിറക്കുന്ന സാഹചര്യം സൃഷ്ടിച്ചു. റോഡും കായലും ജലപാതയും എല്ലാം സ്വകാര്യ

മേഖലയ്ക്ക് നൽകാൻ പോവുകയാണെന്ന പ്രഖ്യാപനം സംസ്ഥാനത്തിന് ഗുണകരമല്ല. സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്തെ തെറ്റായ നയങ്ങളുടെ ഫലമായി മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് 65 പി.ജി. സീറ്റുകൾ നഷ്ടപ്പെട്ടിരിക്കുകയാണ്. സ്കൂളുകൾ സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലമെടുക്കാൻ പരസ്യം നൽകിയിട്ടുള്ള എവറോൺ എഡ്യൂക്കേഷൻ ലിമിറ്റഡ് ആരുടെ അനുവാദത്തോടെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കണം. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്തെ ക്രമസമാധാന നില തകർന്നിരിക്കുന്നു. സ്ത്രീ ജീവനക്കാർക്ക് ജോലി ചെയ്യാൻ സാധിക്കാത്ത സാഹചര്യം സംജാതമായിരിക്കുന്നു. സി.പി.ഐ.(എം)-ന്റെ നാല് പ്രവർത്തകർ കൊലചെയ്യപ്പെട്ടിരിക്കുന്നു. അഴിമതിക്കാർക്ക് സംരക്ഷണം നൽകുന്ന സർക്കാരാണ് കേന്ദ്രം ഭരിക്കുന്നതെന്നതുകൊണ്ടാണ് ലോക്പാൽ ബിൽ കൊണ്ടുവരണമെന്ന ആവശ്യം ഉയർന്നുവന്നിരിക്കുന്നത്. അഴിമതിയെക്കുറിച്ച് വിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുമെന്ന് മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ പറഞ്ഞിരിക്കുന്നതിൽ ആത്മാർത്ഥതയുണ്ടെങ്കിൽ അഴിമതിയും വിചാരണയും നേരിട്ടുകൊണ്ടിരിക്കുന്ന മന്ത്രിമാരെ മന്ത്രിസഭയിൽനിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ഈ സർക്കാർ അഴിമതിക്കേസ്സുകൾ അട്ടിമറിക്കുകയും അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുകയും ചെയ്യുന്ന നയമാണ് സ്വീകരിച്ചുവരുന്നത്. നേരിയ ഭൂരിപക്ഷത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നിട്ടുള്ളതെന്നത് ചരിത്രസത്യമാണ്. തദ്ദേശസ്വയംഭരണ വകുപ്പിനെ വിഭജിച്ച് പല മന്ത്രിമാരുടെ ചുമതലയിലാക്കിയിരിക്കുന്ന നടപടി വിചിത്രമാണ്. ജനങ്ങൾക്കുവേണ്ടി പോരാടുന്ന ക്രിയാത്മക പ്രതിപക്ഷമായി എൽ.ഡി.എഫ്. പ്രവർത്തിക്കും. ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപയ്ക്കും എ.പി.

എൽ. കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്കും പ്രതിമാസം 35 കിലോഗ്രാം അരി നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എ.പി.എൽ. വിഭാഗക്കാരുടെ അരിവിഹിതവും മണ്ണെണ്ണയും വെട്ടിക്കുറച്ചിരിക്കുകയാണ്. ജാതി മതശക്തികളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രിമാരെ നിശ്ചയിച്ച നടപടി മതനിരപേക്ഷപ്രസ്ഥാനമായ കോൺഗ്രസ്സിന് ചേർന്നതല്ല. തെരുവിലിറങ്ങി സമരം ചെയ്യുന്ന വിദ്യാർത്ഥികളെ ഗ്രനേഡ് പ്രയോഗിച്ചും ടിയർ ഗ്യാസ് ഷെൽ പൊട്ടിച്ചും നേരിടുന്ന നടപടി ശരിയല്ല. പോലീസ് സേനയെ ഉപയോഗിച്ച് കേരളത്തിലെ ജനാധിപത്യ സംവിധാനം തകർക്കാമെന്ന് കരുതുന്നുവെങ്കിൽ ജനങ്ങൾ ഈ ഗവൺമെന്റിനെ ഒറ്റപ്പെടുത്തും. സ്വാശ്രയ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നം ചർച്ച ചെയ്തു പരിഹരിക്കണം.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഐക്യകേരളം രൂപീകൃതമായി 55 വർഷം പൂർത്തീകരിക്കാൻ പോകുന്ന ചരിത്രപ്രധാനമായ സന്ദർഭത്തിൽ ദിശാബോധമുള്ള ഒരു സർക്കാർ അധികാരത്തിലേറി ജനക്ഷേമനടപടികളുമായി മുന്നോട്ടു പോകുകയും അതിന്റെ പ്രഖ്യാപിത നയങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നത് ശ്ലാഘനീയമാണ്. രാഷ്ട്രീയവൽക്കരണത്തിൽ നിന്നും രക്ഷിച്ച് ഗവൺമെന്റ് മെഷീനറിയെ യഥാർത്ഥ രീതിയിലേയ്ക്ക് കൊണ്ടുപോകുന്നതിന് ഈ സർക്കാരിന് സാധിച്ചിരിക്കുന്നു. ഗുഡ് ഗവേണൻസ് സാർത്ഥകമാക്കാനുള്ള നടപടികളുമായി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിച്ചതും സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കുന്നതിനുള്ള ത്വരിത നടപടികളുമായി മുന്നോട്ടു പോകുന്നതും മലയാളം ഒന്നാം ഭാഷയാക്കാൻ തീരുമാനമെടുത്തതും ശ്ലാഘനീയ

മാണ്. ബാല ഭിക്ഷാടനം അവസാനിപ്പിക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിനും നടപടികൾ സ്വീകരിച്ചത് അഭിനന്ദാർഹമാണ്. സ്വാശ്രയ സ്ഥാപനങ്ങളെ ജനാധിപത്യ രീതിയിൽ കൊണ്ടുവരാനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകണം. കഴിഞ്ഞ കാലഘട്ടങ്ങളിലെ തെറ്റായ മദ്യനയം തിരുത്തുന്നതിനും മദ്യത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കണം. മലയാള ഭാഷയ്ക്ക് പ്രത്യേക സർവ്വകലാശാല രൂപീകരിക്കുമെന്ന പ്രഖ്യാപനത്തെ പിന്തുണയ്ക്കുന്നു. പ്രകടന പത്രിക യിൽ പറഞ്ഞിരിക്കുന്ന ജനോപകാരപ്രദമായ നടപടികൾ നിർവ്വഹിച്ച് മുന്നോട്ടുപോകുന്നതിന് കക്ഷി രാഷ്ട്രീയ ഭേദമെന്യേ എല്ലാവരുടേയും പിന്തുണ സർക്കാരിന് ആവശ്യമാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: നന്ദി പ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണറുടെ പ്രസംഗം അസത്യങ്ങളുടെ ഒരു പെരുമഴയാണ്. കഴിഞ്ഞ ഇരുപതുവർഷമായി കേരളത്തിൽ നെൽകൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതി കുറഞ്ഞു വരുന്നുവെന്നാണ് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ രേഖകൾ അനുസരിച്ച് എൽ.ഡി.എഫ്. ഭരണ കാലത്ത് കേരളത്തിൽ നെൽകൃഷി മുന്നോട്ടാണ്. . കേന്ദ്ര സർക്കാർ എൻഡോസൾഫാൻ വിഷയം സംബന്ധിച്ച് വിളിച്ചുചേർത്ത യോഗത്തിൽ കേരളം ഒറ്റപ്പെടുകയാണ് ചെയ്തത്. മത്സ്യം വളർത്തൽ പ്രോത്സാഹിപ്പി ക്കാൻ ഉൾനാടൻ ജലസ്രോതസ്സുകൾ പാട്ടത്തിന് കൊടുക്കുമെന്ന പ്രഖ്യാപ നത്തിലൂടെ കേന്ദ്ര ഗവൺമെന്റിന്റെ ആഗോളവൽക്കരണ സമീപനമാണ് വ്യക്തമാകുന്നത്. തദ്ദേശഭരണ വകുപ്പിന്റെ വിഭജനം ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങളെ തകരാറിലാക്കും. ഭരണപക്ഷം ചെയ്യുന്ന നല്ല

കാര്യങ്ങളെ അനുകൂലിക്കുകയും അല്ലാത്തവയെ ശക്തിയുക്തം എതിർക്കുകയും ചെയ്യുന്ന ഒരു പ്രതിപക്ഷമായി എൽ.ഡി.എഫ്. പ്രവർത്തിക്കും.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ ധനക്കമ്മിയും റവന്യൂ കമ്മിയും ഉണ്ടാക്കിയ ഗവൺമെന്റാണ് കഴിഞ്ഞ അഞ്ച് വർഷക്കാലം ഇവിടെ ഭരിച്ചത്. 2000 കോടി രൂപ ട്രഷറി അക്കൗണ്ടിലുണ്ടെന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രി അവകാശപ്പെടുന്നുണ്ടെങ്കിലും സർക്കാർ ജീവനക്കാരുടെ ശമ്പള വർദ്ധനവിന്റെ കുടിശ്ശിക കൊടുത്തുതീർക്കാൻപോലും ആ തുക തികയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. പെട്രോളിയം ഉല്പന്നങ്ങൾക്ക് വില വർദ്ധിച്ചപ്പോൾ സംസ്ഥാനത്തിന് ലഭിക്കുന്ന അധിക നികുതി വരുമാനം വേണ്ടെന്ന് വയ്ക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തയ്യാറായില്ല. എന്നാൽ ഇപ്പോൾ അതിന് തയ്യാറായ ഈ ഗവൺമെന്റിനെ ജനകീയ ഗവൺമെന്റല്ലെന്ന് പറഞ്ഞ് വിമർശിക്കുന്നത് ഖേദകരമാണ്. മൂലംപിള്ളിയിലെ പാവപ്പെട്ട ജനങ്ങളെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച പ്രശ്നം വെറും രണ്ട് മണിക്കൂർ കൊണ്ട് പരിഹരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ചെങ്ങറയിലെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കായി അനുവദിച്ച ഭൂമിയിൽ അവർക്ക് നിയമപരമായി അവകാശം കൊടുക്കാനും സമ്പന്നന്മാരുടെ കയ്യിലിരിക്കുന്ന തോട്ടങ്ങളിലെ സർക്കാർ ഭൂമി ഏറ്റെടുക്കാനും ഈ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. സ്വാശ്രയ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റേതിൽ നിന്നും വ്യത്യസ്തമായി ഒരു നയവും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ലാത്ത

സാഹചര്യത്തിൽ അതിന്റെ പേരിൽ പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകൾ ഇപ്പോൾ സമരം ചെയ്യുന്നത് ശരിയല്ല.

ശ്രീ. സി. കെ. നാണു: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഇപ്പോൾ അധികാരം വിട്ടൊഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന് നെല്ലിന്റെ സംഭരണ വില 14 രൂപ വരെ ഉയർത്താൻ സാധിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മന്ത്രിമാർക്ക് പ്രശംസനീയമായ പ്രവർത്തനത്തിന് വിവിധ വകുപ്പുകളുടെ കേന്ദ്ര സർക്കാർ അവാർഡുകൾ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ യാഥാർത്ഥ്യ ബോധത്തോടുകൂടി കാര്യങ്ങൾ അവതരിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. സാമ്പത്തിക നേട്ടം നോക്കാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്ന എൽ.ഡി.എഫ്. നയത്തിൽനിന്നും വ്യത്യസ്ത മായി വിദ്യാഭ്യാസം കച്ചവടമാക്കി മാറ്റുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ശ്രീ. വി.റ്റി. ബൽറാം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാ നത്തെ വികസനപ്രവർത്തനങ്ങൾക്ക് പ്രയോറിറ്റി നിശ്ചയിക്കുന്ന നിലവിലുള്ള രീതിയിൽ കാഴ്ചപ്പാടുകൾക്ക് മാറ്റമുണ്ടാകണം. ദിശാബോധ മുള്ള, ദീർഘവീക്ഷണത്തോടുകൂടിയ ഒരു വികസന കാഴ്ചപ്പാടുണ്ടാകണം. വികസനത്തിന്റെ കാര്യത്തിൽ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് കേരളം ദശാബ്ദങ്ങളോളം പിറകോട്ടുപോയിരിക്കുകയാണ്. ഭരണത്തിന്റെ വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിക്കണം. 'അതിവേഗം ബഹുദൂരം' നമുക്ക് മുന്നോട്ടു പോകാൻ കഴിയണം. സ്മാർട്ടി സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ

ടെർമിനൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചതുൾപ്പെടെ ദീർഘ വീക്ഷണത്തോടുകൂടിയ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഗവൺമെന്റ് പ്രഖ്യാപിച്ച 100 ദിന കർമ്മ പരിപാടി വികസനത്തിന്റെ കാര്യത്തിൽ ഒരു വലിയ മുന്നേറ്റമാണ് ഉണ്ടാക്കാൻ പോകുന്നത്. കൊച്ചി മെട്രോ റെയിൽ പദ്ധതിക്കും കണ്ണൂർ വിമാനത്താവളത്തിനും ആരംഭം കുറിക്കാൻ കഴിഞ്ഞു. സംസ്ഥാനത്തിന്റെ പുരോഗതിക്ക് കൂടുതൽ പ്രാധാന്യം ലഭിക്കുന്ന തരത്തിലുള്ള വികസന കാഴ്ചപ്പാട് ആവിഷ്ക്കരിക്കാൻ ഈ ഗവൺമെന്റിന് കഴിയും. എൻഡോസൾഫാൻ ദുരിതബാധിതരെക്കുറിച്ച് മുൻസർക്കാരിന്റെ കാലത്ത് പഠനം നടത്തിയിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരമേറ്റെയുടനെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഒരു ലക്ഷം രൂപ വീതം സഹായ ധനം നൽകാൻ തീരുമാനമെടുത്തു. ജനവിരുദ്ധ നയങ്ങൾ പിന്തുടർന്ന ഒരു ഭരണകൂടത്തിന്റെ പതനത്തിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പാവപ്പെട്ടവർക്ക് ഓണത്തിന് കിലോയ്ക്ക് ഒരു രൂപ നിരക്കിൽ അരി നൽകാൻ തീരുമാനമെടുത്തതിനെ സ്വാഗതം ചെയ്യുന്നു. ഈ ഗവൺമെന്റിന് മാഫിയകൾക്കെതിരെ ഇച്ഛാശക്തി യോടെ പ്രവർത്തിക്കാൻ കഴിയണം. മുഖം നോക്കാതെ അഴിമതിക്കെതി രായ പോരാട്ടങ്ങളുമായി മുന്നോട്ടുപോകാൻ ഗവൺമെന്റിന് കഴിയണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സോഷ്യൽ ആഡിറ്റിന് കീഴിൽ കൊണ്ടു വരണം. യുവാക്കളെ സമൂഹത്തിന്റെ ചാലകശക്തിയായി മാറ്റാൻ കഴിയുന്ന ഒരു യുവജനനയം രൂപീകരിക്കണം. യുവാക്കളെ മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും പിടിയിൽ നിന്ന് മോചിപ്പിച്ച് സമൂഹത്തിന്റെ വളർച്ചയിൽ പങ്കാളിയാക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് ഏർപ്പെടുത്തിയ ക്ഷേമ പദ്ധതികളുടെ തനിയാവർത്തനമാണ് ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നത്. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കിയ എല്ലാ നയങ്ങളേയും തൃണവൽഗണിച്ചുകൊണ്ടുള്ള നയമാണ് ഈ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയണമെന്ന കേരളത്തിന്റെ ആവശ്യം ഈ സർക്കാർ അട്ടിമറിച്ചിരിക്കുകയാണ്. ഇൻഡ്യയിൽ ആദ്യമായി കേരളത്തിൽ ജനമൈത്രി പോലീസിംഗ് നടപ്പിലാക്കിയത് എൽ.ഡി.എഫ്. സർക്കാരാണ്. കേരളത്തിന്റെ നട്ടെല്ലായ സഹകരണ പ്രസ്ഥാനങ്ങളെ തകർക്കുന്ന നയമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. വ്യക്തമായ ഒരു സഹകരണ നയം ഈ രംഗത്ത് ആവശ്യമാണ്.

ശ്രീ. എം. ചന്ദ്രൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. അതിവേഗം ബഹുദൂരമെന്നുള്ള മുദ്രാവാക്യംകൊണ്ട് കേരളീയരെ തൃപ്തിപ്പെടുത്താൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിയില്ല. അഴിമതിരഹിത ഭരണം കാഴ്ചവയ്ക്കുമെന്ന ഈ സർക്കാരിന്റെ പ്രഖ്യാപനത്തിൽ യാതൊരു കഴമ്പുമില്ല. അഴിമതി ആരോപണത്തിന് വിധേയരായി അന്വേഷണം നേരിടുന്നവർ മന്ത്രിസഭയിലെത്തുന്നത് സംസ്ഥാനത്ത് ഇതാദ്യമാണ്. അഴിമതിയിൽ മുങ്ങിക്കുളിച്ച ഒരു സർക്കാരാണ് ഇപ്പോൾ കേന്ദ്രം ഭരിക്കുന്നത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഭരണകാലം കേരളത്തിന്റെ സുവർണ്ണകാലമായിരുന്നു. ഏറ്റവും നല്ല പൊതുഭരണത്തിനുള്ള അവാർഡ് കഴിഞ്ഞ സർക്കാരിനാണ് ലഭിച്ചത്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തിക്കൊണ്ട് വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ച നടപടികൾ

ഇൻഡ്യയ്ക്കാകെ മാതൃകയായിരുന്നു. പെട്രോളിയം കമ്പനികൾക്കും സ്വകാര്യ മുതലാളിമാർക്കും ലാഭം കൂട്ടാൻ ഈ നാട്ടിലെ ജനങ്ങളെയാകെ പിഴിയുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. കെ. എൻ. എ. ഖാദർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പിന്നോക്കാവസ്ഥയിൽനിന്നും കേരളത്തെ മോചിപ്പിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള പ്രഖ്യാപനങ്ങളാണ് ഗവർണ്ണർ നടത്തിയിരിക്കുന്നത്. ലോകത്ത് ശാസ്ത്ര-സാങ്കേതിക-സാമ്പത്തിക രംഗങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ കേരളത്തിലുണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ സംസ്ഥാനത്തെ ലോക നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് പശ്ചാത്തല സൗകര്യങ്ങളുടെ വികാസം അനിവാര്യമാണ്. മൂലധനം വൻതോതിൽ കേരളത്തിലേയ്ക്ക് പ്രവഹിക്കുന്നതിന് ആവശ്യമായ നടപടികളുണ്ടാകണം. ലോക നിലവാരമുള്ള റോഡുകളും വിമാനത്താവളങ്ങളും നിർമ്മിക്കണം. അരി കുറഞ്ഞ വിലയ്ക്ക് കൊടുക്കുന്നതും വീട് ഉണ്ടാക്കിക്കൊടുക്കുന്നതും തൊഴിലില്ലാത്തവർക്ക് തൊഴിൽരഹിതവേതനം കൊടുക്കുന്നതുമൊക്കെ നല്ല കാര്യങ്ങളാണെങ്കിലും അവയൊന്നും ശാശ്വതമായ പരിഹാരമല്ല. അരി വാങ്ങാനും വീട് വയ്ക്കുവാനും സാധാരണക്കാരെ പ്രാപ്തരാക്കുകയാണ് വേണ്ടത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി മലബാറിലെ ഏഴ് ജില്ലകൾക്കുവേണ്ടി സെക്രട്ടേറിയറ്റിന്റെ അനക്സ് കോഴിക്കോട് സ്ഥാപിക്കണം. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അതിവേഗം ബഹുദൂരം എന്ന നയം നടപ്പിലാക്കുന്നതോടൊപ്പം പ്രാദേശികമായ അസന്തുലിതാവസ്ഥ ഇല്ലാതാക്കുകയും വേണം. ജനസംഖ്യാനുപാതികമായി വികസനത്തിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുകയും കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലക

ളിൽ സർക്കാർ ആഫീസുകൾ സ്ഥാപിക്കുകയും വേണം. സ്മാർട്ട് സിറ്റി പദ്ധതി ആരംഭിക്കുന്നതിനും മൂലംപിള്ളി പാക്കേജ് നടപ്പാക്കുന്നതിനും ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ തീരുമാനമെടുത്തത് സ്വാഗതാർഹമാണ്. കേരളത്തിലെ വിദ്യാർത്ഥികൾക്ക് ലോക നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുന്നതിന് നടപടികളുണ്ടാകണം. വിദേശ രാജ്യങ്ങളിൽനിന്നും സ്വദേശത്തുനിന്നും മൂലധനം സ്വരൂപിക്കുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കണം. ഗവൺമെന്റിന്റെ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും പിന്തുണ പ്രഖ്യാപിക്കുന്നു.

<u>ശ്രീ. പി. കെ. ഗുരുദാസൻ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. പശ്ചിമ ബംഗാളിൽ ഇടതുമുന്നണിക്ക് ഏറ്റ പരാജയം ഇന്ത്യൻ ജനാധിപത്യത്തിനുതന്നെ ആപത്താണെന്ന തിരിച്ചറിവുണ്ടാകണം. അബദ്ധജഡിലമായ നിരവധി പരാമർശങ്ങൾ നിറഞ്ഞ ഒരു നയ പ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയിരിക്കുന്നത്. കർഷക ആത്മഹത്യകൾ, വർഗ്ഗീയ കലാപങ്ങൾ എന്നിവ ഇല്ലാതാക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചു. കേരളത്തിൽ യു.ഡി.എഫ്. സർക്കാരുകൾ വികസന പ്രവർത്തനത്തിന്റെ പേരിൽ കോടിക്കണക്കിന് രൂപ നഷ്ടപ്പെടുത്തുകയാണുണ്ടായത്. വ്യവസായ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാനും അടച്ചുപൂട്ടാനും നടപടി സ്വീകരിക്കുകയും അഴിമതിയും കെടുകാര്യസ്ഥതയും ദുർവ്യയവും കൊണ്ട് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ നശിപ്പിക്കുകയും തൊഴിലാളികളെ ദുരിതത്തിലാക്കുകയും ചെയ്തു. ഇടതുപക്ഷ ഗവൺമെന്റാകട്ടെ നഷ്ടത്തിലായിരുന്ന നിരവധി പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കി. രാജ്യത്തിനാകെ അഭിമാനമായ വല്ലാർപാടം ഇന്റർനാഷണൽ ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ പണി പൂർത്തീകരിച്ചു. പരമ്പരാ

ഗത വ്യവസായങ്ങളെ പുനരുദ്ധരിച്ചു. കാഷ്യു കോർപ്പറേഷനെ സംരക്ഷിക്കാൻ കാഷ്യു ഫാക്ടറീസ് അക്വിസിഷൻ (അമെന്റ്മെന്റ്) ആക്റ്റ് നടപ്പിലാക്കി. കശുമാവ് കൃഷി വികസന പരിപാടികൾ തുടരണം. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തൊഴിലാളികളുടെ മൗലികവും അടിസ്ഥാനപരവുമായ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് പരമാവധി ഉല്പാദനം, മെച്ചപ്പെട്ട ഉല്പാദന ക്ഷമത, ക്വാളിറ്റി പ്രൊഡക്ഷൻ എന്നിവ ലക്ഷ്യമിടുകയും അതിന്റെ ഗുണഫലം കേരള ജനതയ്ക്ക് അനുഭവയോഗ്യമാക്കാൻ ശ്രമിക്കുകയും ചെയ്തു ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിജയകരമായി മുന്നോട്ടുകൊണ്ടുപോകണം. കൊല്ലം, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ വികസനം യാഥാർത്ഥ്യമാക്കണം.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുമെന്നും അർഹരായവർക്ക് ഒരു വർഷത്തിനകം പട്ടയം നൽകുമെന്നുമുള്ള റവന്യൂ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിന്റെ ഭാരം കുറയ്ക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് ടാക്സ് പിൻവലിക്കാനുള്ള നടപടിയെടുത്തത് ശ്ലാഘനീയമാണ്. ഈ ഗവൺമെന്റ് സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മൂലംപിള്ളിയിലെ പ്രശ്നങ്ങളിൽ രമ്യമായ പരിഹാരമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. എൻഡോസൾഫാൻ ദുരിതബാധിതർക്ക് മുൻഗവൺമെന്റ് പ്രഖ്യാപിച്ച ധനസഹായം ഇരട്ടിയായി വർദ്ധിപ്പിക്കുകയും അത് വിതരണം ചെയ്യുകയും ചെയ്തു. മുൻഗവൺമെന്റ് നെൽവയൽ സംരക്ഷണ നിയമം പാസ്സാക്കിയെങ്കിലും

പ്രാവർത്തികമാക്കുന്നതിൽ പരാജയപ്പെട്ടു. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണെന്ന തെറ്റായ പ്രചരണമാണ് പ്രതിപക്ഷം നടത്തുന്നത്. ഒരു താലൂക്കിൽ ഒരു ഡയാലിസിസ് കേന്ദ്രം ആരംഭിച്ച് പാവപ്പെട്ടവർക്ക് സൗജന്യ ഡയാലിസിസ് സൗകര്യം ലഭ്യമാക്കണം. മലയാള ഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛന്റെ ജന്മസ്ഥലത്തുതന്നെ മലയാള സർവ്വകലാശാല ആരംഭിക്കാനും മലയാളം നിർബന്ധിതമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്. സ്കൂൾ കുട്ടികൾക്ക് ഇൻഷ്വറൻസ്, സർക്കാർ സ്കൂളുകളിലെ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് യൂണിഫോം, 1977 ജനുവരി ഒന്നിന് മുൻപുള്ള മുഴുവൻ പട്ടയക്കാർക്കും ഒരു വർഷത്തിനുള്ളിൽ പട്ടയം നൽകൽ തുടങ്ങിയ പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. ചെർപ്പുളശ്ശേരിയിലെ പ്രകൃതി ചികിത്സകരെ പീഡിപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ഉണ്ടാകണം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവൺമെന്റിന് ഒരു നയവുമില്ല നയവ്യക്തതയും ഇല്ല. വിഴിഞ്ഞം, സ്മാർട്ട് സിറ്റി, കൊച്ചി മൊട്രോ, കണ്ണൂർ വിമാനത്താവളം എന്നീ പദ്ധതികളെല്ലാം എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്നതാണെങ്കിലും അതിന്റെ ക്രെഡിറ്റ് ഈ സർക്കാർ ഏറ്റെടുക്കുകയാണ്. നയപ്രഖ്യാപനപ്രസംഗത്തിൽ ക്ഷേമ പദ്ധതികളെ സംബന്ധിച്ചും സമ്പൂർണ്ണ വൈദ്യൂതീകരണ പദ്ധതിയെ സംബന്ധിച്ചും വ്യക്തമായി പ്രതിപാദിക്കാത്തത് ഖേദകരമാണ്. അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ ശ്രമിക്കുമ്പോൾ ബി.പി.എൽ. ലിസ്റ്റിൽ നിന്നും പുറത്താക്കപ്പെട്ടവരെ സംബന്ധിച്ച് ഒരു തീരുമാനവും സർക്കാർ സ്വീകരിക്കുന്നില്ല. സ്വാശ്രയ വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കണം. കാലിക്കട്ട് യൂണിവേഴ്സി

റ്റിയിലെ അദ്ധ്യാപക നിയമന പ്രശ്നം സംബന്ധിച്ചും വിദ്യാഭ്യാസ രംഗത്തേയ്ക്ക് കോർപ്പറേറ്റുകൾ കടന്നുവരുന്നത് സംബന്ധിച്ചും ആരോഗ്യ രംഗത്ത് സ്വകാര്യ പ്രാക്ടീസ് പുനഃസ്ഥാപിക്കുന്ന പ്രഖ്യാപനം സംബന്ധിച്ചുമുള്ള ഗവൺമെന്റിന്റെ നയം വ്യക്തമാക്കണം. എക്സൈസ് രംഗത്ത് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകൾക്ക് പകരം ബാറുകൾ അനുവദിക്കുമെന്ന പ്രഖ്യാപനം അംഗീകരിക്കാനാവില്ല. സെസ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കണം.

<u>ശ്രീ. എൻ. ഷംസുദീൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വികസനത്തിനും ജനക്ഷേമത്തിനും വ്യക്തമായ ദിശാബോധം നൽകുന്ന പുതിയ സർക്കാരിന്റെ നയപ്രഖ്യാപനം ഏറെ പ്രതീക്ഷകളോടെയാണ് കേരള സമൂഹം നോക്കിക്കാണുന്നത്. എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമെത്തിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി എടുത്തത് ഈ ഗവൺമെന്റാണ്. മൂലംപിള്ളി നിവാസികളുടെ ദുരിതമകറ്റുന്നതിനും ഈ സർക്കാർ നടപടി സ്വീകരിച്ചു. ക്രമസമാധന പാലനരംഗത്ത് ഗുണ്ടാ ആക്ട് റിവ്യൂ ചെയ്യുമെന്നും പോലീസിൽ ക്രിമിനലുകളെ ഒഴിവാക്കുമെന്നുമുള്ള ഈ സർക്കാരിന്റെ പ്രഖ്യാപനം പ്രതീക്ഷ നൽകുന്നതാണ്. മലയാള ഭാഷയ്ക്ക് ഒരു സർവ്വകലാശാല വരുന്നു എന്നുള്ളത് സന്തോഷകരമാണ്. അട്ടപ്പാടിയിലെ ഗോത്രവർഗ്ഗ യുവാക്കൾക്കുവേണ്ടി പ്രത്യേകമായി കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം പി.എസ്.സി. നിയമനം സ്തംഭനത്തിലായിരുന്നു. ഐ.ടി മേഖലയിൽ കാര്യമായ ഒരു പ്രവർത്തനവും നടത്താൻ കഴിഞ്ഞ സർക്കാരിന് സാധിച്ചില്ല. സ്മാർട്ട് സിറ്റി സംബ

ിച്ച ഈ സർക്കാരിന്റെ പ്രഖ്യാപനം യുവജനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ്. കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് നടപടികൾ സ്വീകരിക്കുമെന്നത് വനാതിർത്തിയിൽ കഴിയുന്നവർക്ക് വളരെയധികം ആശ്വാസകരമാണ്. വനമേഖലയിലെ ജനങ്ങളുടെ പട്ടയ പ്രശ്നങ്ങളിൽ ഇട പെടുമെന്നും വനം-റവന്യൂ സംയുക്ത സർവ്വേ നടത്തുമെന്നുമുള്ള പ്രഖ്യാ പനം സ്വാഗതാർഹമാണ്. വിദേശങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ടുവരുന്ന വരെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രഖ്യാപനം ഏറെ ആശ്വാസം പകരുന്ന താണ്. ഭരണം സുതാര്യമാക്കുമെന്നതും അഴിമതിക്കെതിരെ നടപടി സ്വീകരി ക്കുമെന്നതും ഈ നയപ്രഖ്യാപനത്തിന്റെ തിളക്കം വർദ്ധിപ്പിക്കുന്നു.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. നേരിയ ഭൂരിപക്ഷത്തോടെ ഇപ്പോൾ ഉണ്ടായിരിക്കുന്ന ഭരണമാറ്റം കേരള ത്തിന് അപകട സൂചന നൽകുന്നതാണ്. ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ മന്ത്രിമാരെ തീരുമാനിക്കുന്ന സ്ഥിതിവിശേഷം അപകട കരമായ ജനാധിപത്യ കീഴ്വഴക്കമുണ്ടാക്കും. കഴിഞ്ഞ ഗവൺമെന്റ് ചെയ്ത ഒരു കാര്യവും ജനവിരുദ്ധമാണെന്ന് പറയാൻ ഈ ഗവൺമെന്റിന് കഴിയില്ല. ഭൂസംരക്ഷണ നിയമം കൊണ്ടുവന്നതും മൂന്നാറിലെ പതിനായിരക്കണക്കിന് ഏക്കർ കയ്യേറ്റ ഭൂമി ലാന്റ് ബാങ്കിലേയ്ക്ക് നിക്ഷേപിച്ചതും കഴിഞ്ഞ ഗവൺമെന്റാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ തുടർച്ചയെന്ന നിലയിലാണ് ഈ ഗവൺമെന്റിന് മൂന്നാറിൽ പോയി ഇടപെടാനും പൊതുമേഖലാ സ്ഥാപനങ്ങളെ അടച്ചുപൂട്ടുന്ന പ്രശ്നമില്ലെന്ന് പ്രഖ്യാപിക്കാനും സാധിച്ചതെന്ന സത്യം നിഷേധിക്കാനാവില്ല.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവൺമെന്റിന്റെ പണം ദുരുപയോഗം ചെയ്ത് പത്ര മാധ്യമങ്ങളിലൂടെ

പരസ്യം നടത്തിയിട്ടും ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിക്കാനായില്ല. പദ്ധതി നടപ്പാക്കലാണ് ഐക്യജനാധി പത്യ മുന്നണി ഗവൺമെന്റിന്റെ ലക്ഷ്യം. സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാ ക്കാൻ തീരുമാനിച്ചു. 2015-ൽ മെട്രോറെയിൽ പദ്ധതി സാദ്ധ്യമാകും എന്ന് പ്രഖ്യാപിച്ചു. ഗവൺമെന്റിന്റെ വികസനാവശ്യങ്ങൾക്ക് പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശവും മതിയായ പാക്കേജും ഉണ്ടാകണമെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കയാണ്. ചെങ്ങറയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികൾക്ക് അവരുടെ ഭൂമിയിൽ തന്നെ അവകാശം കൊടുത്ത് പുനരധിവസിപ്പിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. വികസനകാര്യങ്ങളിൽ കക്ഷിവ്യത്യാസമില്ലാതെ യോജിച്ച പ്രവർത്തന വുമായി മുന്നോട്ടുപോകണം.

<u>ശ്രീ. ഇ.പി. ജയരാജൻ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരളം നേരിടുന്ന വ്യത്യസ്തങ്ങളായ പ്രശ്നങ്ങളെക്കുറിച്ച് പരാമർശിക്കാതെ ഇടതു പക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ ചില കാര്യങ്ങൾ ആവർത്തിച്ചുകൊണ്ടുള്ള ഒരു നയപ്രഖ്യാപനമാണിത്. പോലീ സിനെ ഉപയോഗിച്ച് വിദ്യാർത്ഥി സമരങ്ങളെ അടിച്ചമർത്താൻ ശ്രമിക്കു ന്നത് ശരിയല്ല. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. സംസ്ഥാന താൽപ്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന പ്രതിപക്ഷമാണിത്. മതനിര പേക്ഷതയെ തകർക്കുന്ന വിധത്തിലുള്ള പ്രസംഗങ്ങൾ ഒഴിവാക്കുകയും വർഗ്ഗീയ കലാപങ്ങളെ അടിച്ചമർത്തുകയും ചെയ്യണം. കേന്ദ്ര നയങ്ങളുടെ ഫലമായുണ്ടായിട്ടുള്ള വിലവർദ്ധനവിനെ അനുകൂലിക്കുന്ന ഗവൺമെന്റ് നിലപാട് ഉപേക്ഷിക്കണം. സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കാനും

പൊതുമേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കാനും ശക്തമായ ഇടപെടലുണ്ടാകണം. നയപ്രഖ്യാപന പ്രസംഗത്തിൽ തൊഴിലില്ലായ്മയെക്കുറിച്ച് പരാമർശിക്കാത്തത് ഖേദകരമാണ്. ടീകോമുമായുണ്ടാക്കിയ കരാർ പുന:പരിശോധിക്കണം. കണ്ണൂർ വിമാനത്താവള നിർമ്മാണം, കുട്ടനാട് പാക്കേജ് എന്നിവ അടിയന്തിരമായി നടപ്പിലാക്കണം. നെൽകൃഷിക്കാരെ സംരക്ഷിക്കുന്നതിന് നെല്ല് സംഭരിക്കുകയും കർഷകർക്ക് ന്യായവില നൽകുകയും ചെയ്യണം. കർഷക ആത്മഹത്യ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. സ്വകാര്യ മാനേജുമെന്റുകൾ നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ കച്ചവടവും വിദ്യാർത്ഥി വേട്ടയും അവസാനിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

സഭ വൈകുന്നേരം 4.45-ന് പിരിഞ്ഞു.

--------